പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1793 10.02.2020-ലെ മറുപടിക്ക്

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗികനടപടികൾ**

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ വാഹനപ്പെരുപ്പത്തിനനുസൃതമായ വർദ്ധന ഉണ്ടായിട്ടില്ല. 2018-ൽ 40,181 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2019-ൽ ഇത് 41,153 ആയി. |
| (ബി) | ഇത്തരത്തിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങൾക്കും ഏറ്റവും പ്രധാന കാരണം മോട്ടോർ വാഹന നിയമങ്ങളുടേയും ട്രാഫിക് നിയമങ്ങളുടേയും ലംഘനമാണ്. 2018-ൽ നടന്ന 40,181 അപകടങ്ങളിൽ 31,492 അപകടങ്ങളും ഇത്തരത്തിലുള്ളവയാണ്. 2019 സെപ്തംബർ വരെയുള്ള കണക്കനുസരിച്ച് 30,784 അപകടങ്ങളിൽ 27,821 അപകടങ്ങളും റോഡ് നിയമലംഘനം വഴി ഉണ്ടായിട്ടുള്ളതാണ്. റോഡ് നിയമങ്ങൾ പാലിക്കുകയും അവ ശക്തമായി നടപ്പിലാക്കുകയും ചെയ്താൽ അപകടനിരക്ക് ഗണ്യമായി കുറയ്ക്കാനാവും. ഇതിനാവശ്യമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും | ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുകയും ലംഘനങ്ങൾക്ക് കനത്ത ശിക്ഷ നൽകുകയും ചെയ്യുക വഴി റോഡപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാനാകും. ഇതിനായി മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തി വരുന്നു. 2019-ൽ ട്രാഫിക് നിയമങ്ങൾ ലംഘിച്ചവർക്കെതിരെ 2,76,584 കേസുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായ വിധത്തിലും വാഹനം ഓടിക്കുക എന്നീ കുറ്റങ്ങൾക്ക് 2019-ൽ 28,020 ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.<br>റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ, മോട്ടോർ വാഹന വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു. |
| (ഡി) | റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമം കർശനമാക്കുന്നതുൾപ്പെടെ കൂടുതൽ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**